(സി) കൊട്ടാരക്കരയിൽ ഒരു മോട്ടൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകർക്കു മാത്രമായി കൃഷ്ണഗിരി നിർമ്മിക്കുവാൻ വിനോദസഞ്ചാര വകുപ്പിന് തൽക്കാലം പരിപാടിയില്ല.

വിനോദസഞ്ചാര വികസനത്തിനായി കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ച പദ്ധതികൾ

782 [946] ശ്രീ. കെ. മുസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനായി കേന്ദ്രഗവൺമെന്റ് അനുമതിലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പദ്ധതികളെ സംബന്ധിച്ച വിശദാംശവും ഓരോ പദ്ധതിക്കും അനുവദിച്ച തുകയെത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്കു നടപ്പിൽ വരുത്താൻ കഴിയും?

ഉത്തരം

(എ, ബി) കേന്ദ്രസഹായം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

	പദ്ധതി	അനുവദിച്ച തുക രൂപ
1.	ആഘോഷങ്ങളും മേളകളും	2,56,372
2.	ട്രെക്കിംഗ് ഉപകരണങ്ങൾ വാങ്ങുവാൻ	3,24,300
3.	കൊല്ലം, കുമരകം, കൊച്ചി, തേക്കടി എന്നിവിടങ്ങളിൽ ബോട്ടുകൾ വാങ്ങുവാൻ	50,78,000
4.	കൊട്ടാരക്കര, ആലപ്പുഴ, പാലക്കാട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ മോട്ടലുകൾ പണിയുവാൻ	51,40,000

ഇവ കൂടാതെ മറ്റു ചില പദ്ധതികൾക്കും കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. അവ പരിഗണനയിലാണ്.

(സി) മുകളിൽ പറഞ്ഞ പദ്ധതികളിൽ ഒന്നാമത്തേത് നടപ്പാക്കിക്കഴിഞ്ഞു. ട്രെക്കിംഗ് ഉപകരണങ്ങൾ വാങ്ങുവാൻ നടപടികൾ എടുത്തുവരുന്നു. ബോട്ടുകൾ നിർമ്മിക്കുവാൻ ഉത്തരവു നൽകിയിട്ടുണ്ട്. നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് കൃത്യമായി പറയുവാൻ നിവൃത്തിയില്ല. കൊട്ടാരക്കരയിലും ആലപ്പുഴയിലും പാലക്കാട്ടും മോട്ടലുകൾ പണിയുവാൻ തത്വത്തിലുള്ള അനുമതി നൽകിക്കഴിഞ്ഞു. കണ്ണൂരും വയനാട്ടിലും സ്ഥലം ലഭിച്ചിട്ടില്ല. കഴിയുന്നത്ര വേഗം പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്.

പാലിന്റെ പ്രതിശീർഷ ഉൽപ്പാദനം

783 [948] ശ്രീ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാലിന്റെ പ്രതിശീർഷ ഉൽപ്പാദനം എത്ര

LIBRARY ARCHIVES Kerala Legislative Assembly